**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2306** **09-02-2023 - ൽ മറുപടിയ്ക്ക്**

**എടത്തല ഗ്രാമ പഞ്ചായത്ത് നേവൽ ആർമമെന്റ് ഡിപ്പോ അതിർത്തിയിലെ നിർമ്മാണ നിയന്ത്രണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ആലുവ, എടത്തല ഗ്രാമപഞ്ചായത്ത് നേവൽ ആർമമെന്റ് ഡിപ്പോ (എൻ.ഡി.എ) അതിർത്തിയ്ക്ക് ചുറ്റും 100 മീറ്റർ ചുറ്റളവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമുള്ളത് സംബന്ധിച്ച വിഷയത്തിൽ പരിശോധന നടത്തണമെന്ന അപേക്ഷയിൽ ആർ.ബി.ബി1/347/2022/തസ്വഭവ. തീയതി.26.09.2022 നമ്പർ സർക്കാർ കത്തിൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (ബി) | ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ബി) | പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ഈ വിഷയത്തിൽ അടിയന്തര പ്രാധാന്യത്തോടെ പരിശോധന നടത്തി 2019 നവംബർ 2 ലെ സ.ഉ.(പി)നം.78/2019/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള നടപടികൾ എടത്തല ഗ്രാമപഞ്ചായത്ത് പരിധിയിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019 ചട്ടം 5(4)ൽ, നിർദ്ദിഷ്ട കെട്ടിടം പ്രതിരോധ സ്ഥാപനങ്ങളുടെ 10 മീറ്ററിനുള്ളിലും, ഉയരം കൂടിയ കെട്ടിടത്തിന്റെ ഗണത്തിൽ വരുന്നവയാണെങ്കിൽ 500 മീറ്ററിനുള്ളിലും, വാർത്താ വിനിമയ ഗോപുരങ്ങളുടെ ഗണത്തിൽ വരുന്നവയാണെങ്കിൽ 200 മീറ്ററിനുള്ളിലാണ് വരേണ്ടത്. അല്ലെങ്കിൽ കാലാകാലങ്ങളിൽ പ്രതിരോധ സ്ഥാപനങ്ങൾ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പ്രതിരോധ സ്ഥാപനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനിൽ നിന്നും അനുമതി പത്രം വാങ്ങി നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അപേക്ഷയിൽ തുടർ നടപടി സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. |
| (ഡി) | ഈ ഫയലിൽ തീർപ്പുണ്ടാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി ആയത് പരിശോധിച്ച് തീരുമാനമെടുത്തശേഷം മാത്രമേ ഫയൽ തീർപ്പാക്കാൻ സാധിക്കൂ. |

സെക്ഷൻ ഓഫീസർ

<u>ഓർമ്മകുറിപ്പ്</u>

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**സ്വരാജ് ഭവൻ,നന്തൻകോട്**
**കവടിയാർ പി.ഒ. തിരുവനന്തപുരം – 695003**
directorofpanchayatcsection@gmail.com
**0471-2786318 തീയതി : 25/10/2022**

PAN/15079/2022-C8(DP)
**പഞ്ചായത്ത് ഡയറക്ടർ**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
എറണാകുളം

സർ,

വിഷയം : പഞ്ചായത്ത് വകുപ്പ് – എറണാകുളം ജില്ല-എടത്തല ഗ്രാമപഞ്ചായത്ത്-Naval Armament Depot(NDA) അതിർത്തിക്ക് ചുറ്റും 100 മീറ്റർ പരിധിയിൽ നിർമ്മാണപ്രവർത്തനം അനുവദിക്കാത്തത്-പരാതി സംബന്ധിച്ച്

സൂചന: ഈ കാര്യാലയത്തിലെ 06/10/2022 തീയിതിയിലെ ഇതേ നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ല .ആയത് അടിയന്തിരമായി ലഭ്യമാക്കുന്നതിന് നിർദ്ദേശിക്കുന്നു.സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതുള്ളതിനാൽ സമയ ക്ലിപ്തത കൃത്യമായും പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**V.BIJU**
**JUNIOR SUPERINTENDENT**
പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**സ്വരാജ് ഭവൻ,നന്തൻകോട്**
**കവടിയാർ പി.ഒ. തിരുവനന്തപുരം – 695003**
**directorofpanchayatcsection@gmail.com**
**0471-2786318 തീയതി : 06/10/2022**

PAN/15079/2022-C8(DP)

**പഞ്ചായത്ത് ഡയറക്ടർ**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
എറണാകുളം

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ് -എറണാകുളം ജില്ല – എടത്തല ഗ്രാമപഞ്ചായത്ത് – Naval Armament Depot(NDA) അതിർത്തിക്ക് ചുറ്റും 100 മീറ്റർ പരിധിയിൽ നിർമ്മാണപ്രവർത്തനം അനുവദിക്കാത്തത് – പരാതി സംബന്ധിച്ച്

സൂചന: സർക്കാരിന്റെ 18/09/2022 തീയിതിയിലെ ആർ .ബി1/347/2022-തസ്വഭവ നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു

എറണാകുളം ജില്ലയിലെ എടത്തല ഗ്രാമപഞ്ചായത്തിൽ Naval Armament Depot(NDA) അതിർത്തിക്ക് ചുറ്റുമുള്ള 100 മീറ്റർ പരിധിയിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് അനുമതി നൽകാത്തത് സംബന്ധിച്ച് സൂചന പ്രകാരം ലഭ്യമായ പരാതിയിൽ ഉചിതമായ അന്വേഷണം നടത്തി താങ്കളുടെ അഭിപ്രായ കുറിപ്പ് സഹിതമുള്ള വിശദമായ റിപ്പോർട്ട് 7 ദിവസത്തിനുള്ളിൽ ലഭ്യമാക്കുന്നതിനായി പരാതിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു . സർക്കാരിലേക്ക് സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കേണ്ടതുള്ളതിനാൽ കാലതാമസം തീർത്തും ഒഴിവാക്കേണ്ടതാണ്.

വിശ്വസ്തതയോടെ
**V.BIJU**
**JUNIOR SUPERINTENDENT**
പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി